മർക്കോ 1:12 - 20

ഫെബ്രുവരി 05: ദനഹായ്ക്കുശേഷം 5-ാം ഞായർ

ഭാഷ്യം

I. സന്ദർഭം

നസ്രത്തിലെ യേശുവിനെ ദൈവം സ്വന്തം പുത്രനും (1:11) കർത്താവുമായി (1:3) അയക്കുന്നതാണ് സുവിശേഷത്തിന്റെ ആരംഭത്തിൽ വിവരിക്കുന്നത് (1:1-13). അങ്ങനെ ദൈവത്താൽ അയക്കപ്പെടുന്ന യേശു തന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ് പിന്നീട് വിവരിക്കപ്പെടുന്നത് (1:14-3:6). യേശുവിന്റെ ദൗത്യാരംഭമാണ് ഇന്നത്തെ സുവിശേഷ ഭാഗം (1:12-20).

II. പ്രമേയം

മരുഭൂമിയിലെ പ്രലോഭനവും (1:12-13), യേശുവിന്റെ സുവിശേഷ പ്രസംഗവും (1:14-15) ആദ്യത്തെ നാല് അനുയായികളുടെ പ്രതികരണവുമാണ് (1:16-20) ഇവിടുത്തെ പ്രമേയം. ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്നും, അതിനാൽ മനംമാറ്റത്തിലൂടെ സുവിശേഷത്തിൽ വിശ്വസിക്കണമെന്നുമാണ് യേശുവിന്റെ പ്രഘോഷണം. നാല് ശിഷ്യരുടെ പ്രത്യുത്തരം വായനക്കാരുടെ സർവ്വ പ്രതീക്ഷകൾക്കും അതീതമായിരുന്നു. വലയും വഞ്ചിയും പിതാവിനെയും ഉപേക്ഷിച്ചാണ് അവർ യേശുവിൽ വിശ്വാസം അർപ്പിക്കുന്നത്.

III. സന്ദേശം

1. ഈശോ പ്രഘോഷിക്കുന്നത് ദൈവരാജ്യം അടുത്തെത്തിയിരിക്കുന്നു എന്നാണ് (1:15). അടുത്തെത്തിയ ദൈവരാജ്യത്തിനകത്ത് കടക്കാനുള്ള മാർഗ്ഗം എന്താണ്? അതാണ് അവൻ തുടർന്നു പറയുന്നത്, മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുക (1:15). ദൈവരാജ്യം നിന്റെ സമീപത്തു തന്നെയുണ്ട്. അകത്തുകടക്കാനുള്ള മാർഗ്ഗം നിന്റെ മനസ്സും ചിന്താരീതിയും മാറ്റുക എന്നതാണ്. അതായത് നിന്റെ ജീവിതശൈലി മാറ്റി ക്രിസ്തു തരുന്ന നല്ല വാർത്തയിൽ വിശ്വസിക്കണം. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ കാതലിതാണ്, നിനക്കുള്ളത് പങ്കുവച്ച് ജീവിച്ചാൽ, മരിച്ചാലും നീ ജീവിക്കും. അതാ

യത് പരോന്മുഖമായ ജീവിതമാണ് ക്രിസ്തുവിന്റെ സുവിശേഷം എന്നുസാരം. അതിൽ വിശ്വസിച്ച്, അതിനുതകുന്ന മനോഭാവത്തിലേക്കും ജീവിതശൈലിയിലേക്കും നീ സ്വയം മാറുക.

2. ശിഷ്യരെ വിളിക്കുമ്പോൾ, യേശു വാഗ്ദാനം ചെയ്യുന്നത് അവരെ മനുഷ്യരെ പിടിക്കുന്നവരാക്കാമെന്നാണ് (1:17). മീൻപിടിച്ചുകൊണ്ടിരിക്കുന്നവരോടാണിത് പറയുന്നത്. മനുഷ്യരെ പിടിക്കുക, മനുഷ്യഹൃദയങ്ങളെ സ്വാധീനിക്കുക എന്നതാണ് ക്രിസ്തുശിഷ്യന്റെ ധർമ്മം. അത് ഉപേക്ഷിച്ചിട്ട് മീൻപിടുത്തത്തിന്റെ പുറകെ പോകാനുള്ള പ്രലോഭനം ക്രിസ്തുശിഷ്യർ എന്നും നേരിടുന്ന പ്രലോഭനമാണ്. അതിനെ ചെറുത്ത്, മനുഷ്യജീവിതങ്ങളെ നേടുന്നതിൽ വ്യാപരിക്കുന്നിടത്താണ് നിന്റെ ശിഷ്യത്വം വിജയിക്കുന്നത്.

3. സാത്താനാൽ പരീക്ഷിക്കപ്പെടുന്ന ഈശോയെ ദൈവദൂതന്മാർ ശുശ്രൂഷിക്കുന്നു (1:13). ജീവിതാനുഭവത്തിന്റെ രണ്ട് വശങ്ങളാണിത്- പരീക്ഷണവും, ദൈവദൂതരുടെ ശുശ്രൂഷയും. ഇത് നിന്റെ ജീവിതത്തിലും സംഭവിക്കാം. പരീക്ഷണത്തിന്റെ കാലത്ത് മനസ്സിടിയാതെയും, ദൈവികാനുഭവങ്ങളുടെ സമയത്ത് അഹങ്കരിക്കാതെയുമിരിക്കുകയാണ് പ്രധാനം. രണ്ടും ദൈവിക പദ്ധതിയിൽ സംഭവിക്കുന്നതാണെന്ന് തിരിച്ചറിയുമ്പോഴാണ് നീ ദൈവപുത്രനായിത്തീരുന്നത്.

ഡോ. ജേക്കബ് നാലുപറയിൽ

പ്രസംഗം

മരുഭൂമി

വി. പത്രോസിന്റെ ചത്വരത്തിൽ ജൂൺ മൂന്നാം തീയതി പരി. ഫ്രാൻസീസ് മാർപ്പാപ്പ ത്രികാല പ്രാർത്ഥനയിൽ പങ്കെടുക്കാൻ എത്തിയവർക്കു നൽകിയ സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു, ക്രൈസ്തവരുടെ ജീവിത ദൗത്യം മനോഹരവും തനിമയുള്ളതുമാണ്. ആരെയും ഒഴിവാക്കാതെ സകലർക്കുമായുള്ള ദൗത്യമാണത്.

യേശു തന്റെ ദൗത്യം ആരംഭിക്കുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം. മരുഭൂമിയിലെ ഏകാന്തവാസത്തിനും പ്രാർത്ഥനയ്ക്കും പരീക്ഷണത്തിനും ശേഷമാണ് അവിടുന്ന് തന്റെ ദൗത്യം ആരംഭിക്കുന്നത്. യേശു തന്റെ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായി യാത്ര ആരംഭിക്കുന്നത് ഗലീലി തീരത്തുകൂടിയാണ്. അതായത്, സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ മദ്ധ്യത്തിലൂടെ. അവരിൽനിന്നും തന്റെ ദൗത്യ നിർവ്വഹണത്തിനായി ശിക്ഷ്യരെ തിരഞ്ഞെടുത്തു. അവരാണ് ശിമയോനും അവന്റെ സഹോദരൻ അന്ത്രയോസും സെബദിപുത്രന്മാരായ യാക്കോബും യോഹന്നാനും. ക്രിസ്തുവിന്റെ ദൗത്യത്തിന്റെ തനിമ കുടികൊള്ളുന്നതാണ് ഈ തിരഞ്ഞെടുപ്പ്. ആരേയും ഒഴിവാ

ക്കാതെ സകലരെയും തന്റെതാക്കി മാറ്റുന്ന ശൈലി. ഈ ദൗത്യം തന്നെയാണ് ഓരോ ക്രൈസ്തവനും നിർവ്വഹിക്കേണ്ടത്.

ക്രിസ്തുവിനു തന്റെ ദൗത്യനിർവ്വഹണത്തിനു മുമ്പു ഏകാന്തത തേടിയുള്ള യാത്രയുണ്ടായിരുന്നു. അത് മരുഭൂമികളിലായിരിക്കാം, മലയോരങ്ങളിലായിരിക്കാം. എവിടെയായാലും ദൈവവുമായി സംഭാഷണത്തിനുള്ള ഒരു വേദി കണ്ടെത്തിയിരുന്നു. ഫ്രാൻസീസ് മാർപ്പാപ്പായും തന്റെ അനുദിന പ്രവർ ത്തനങ്ങൾക്കു മുന്നോടിയായി മൂന്നുമണിക്കൂറോളം ദൈവവുമായി സംഭാഷണത്തിനുള്ള ഇടം കണ്ടെത്തിയിരുന്നു. കൊൽക്കത്തായിലെ വിശുദ്ധ തെരേസായുടെ ജീവിതം ആരംഭിച്ചിരുന്നതുതന്നെ ദിവ്യകാരുണ്യത്തിന്റെ മുന്നിൽ നിന്നാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ അനുദിന ജീവിതക്രമങ്ങൾ ആരംഭിക്കേണ്ടത് ക്രിസ്തുവുമായുള്ള കണ്ടുമുട്ടലുകളിൽ നിന്നാകണം. ദിവ്യബലിയും പരിശുദ്ധകൂദാശകളുമെല്ലാം നമ്മെ നയിക്കുന്നത് ക്രിസ്തുവിലേക്കാണ്. അവിടെ നിന്നും നാം ആരംഭിക്കുന്ന ജീവിതദൗത്യം കൂടുതൽ ചൈതന്യമുള്ളതാകും. നാം എടുക്കുന്ന തീരുമാനങ്ങൾക്ക് കൂടുതൽ ദൃഡതയുണ്ടാകും.

പ്രശസ്ത റഷ്യൻ സാഹിത്യകാരനായ ലിയോ ടോൾസ്റ്റോയിയുടെ ആത്മകഥയിൽ തന്റെ ജീവിതത്തിലെ ഇരുണ്ട ദിനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ചെറുപ്പത്തിലെ മാതാപിതാക്കൾ അദ്ദേഹത്തിനു നഷ്ടമായി. തികഞ്ഞ ഏകാന്തതയിൽ മുഴുകി ജീവിച്ചിരുന്ന അദ്ദേഹം ഫ്രഞ്ച് ചിന്തകനായ റൂസ്സോയുടെ ചിന്തകളിൽ ആകൃഷ്ടനായി. അത് അദ്ദേഹത്തെ യുക്തിവാദത്തിലേക്കു നയിച്ചു. അതിനിടയിൽ യുദ്ധവും സമാധാനവും അന്നാ കരീനാ തുടങ്ങിയ പ്രസിദ്ധമായ കൃതികൾ അദ്ദേഹം രചിച്ചു. ഏകദേശം 50 വയസ്സു പിന്നിട്ടപ്പോഴേക്കും അദ്ദേഹം തികഞ്ഞ വിഷാദ രോഗത്തിനു അടിമയായി തീർന്നിരുന്നു.

ജീവിതം അർത്ഥശൂന്യമാണെന്നുള്ള ചിന്ത അദ്ദേഹത്തെ ആത്മഹത്യയെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് വിശുദ്ധ ഗ്രന്ഥ വായനയിലേക്ക് ശ്രദ്ധതിരിഞ്ഞത്. അത് ജീവിതത്തിൽ കൂടുതൽമാറ്റങ്ങൾക്ക് വഴിതെളിച്ചു. പ്രാർത്ഥനയ്ക്കായി സമയം കണ്ടെത്താൻ തുടങ്ങി. നീണ്ട നാളുകൾക്കുശേഷം ജീവിതത്തിലേക്ക് മടങ്ങിവന്നു. പിന്നീട് തന്റെ ജീവിത ദൗത്യം എന്താണെന്നുള്ള ബോധ്യത്തോടെ മുന്നോട്ടു പോകുവാൻ തുടങ്ങി.

ദൈവവുമായുള്ള നിരന്തര സമ്പർക്കം അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിമറിച്ചതുപോലെ നമ്മുടെ ജീവിതത്തെയും മാറ്റി മറിക്കാൻ സാധിക്കുന്നതാണ് ക്രിസ്തുവുമായുള്ള അനുദിന സമ്പർക്കം. അതിനു സങ്കീർത്തകന്റെ വചനങ്ങൾ നമ്മുടെ പാതങ്ങൾക്ക് ശക്തി പകരട്ടെ. അങ്ങയുടെ കരം അങ്ങയുടെ വലത്തു വശത്തു നിർത്തിയിരിക്കുന്നവന്റെ മേൽ അങ്ങേയ്ക്കു ശുശ്രൂഷ ചെയ്യുവാൻ ശക്തനാക്കിയ മനുഷ്യപുത്രന്റെമേൽ, ഉണ്ടായിരിക്കട്ടെ. അപ്പോൾ

ഞങ്ങൾ അങ്ങിൽ നിന്ന് ഒരിക്കലും പിന്തിരിയുകയില്ല. (സങ്കീ. 80, 17 -18).

ഷേക്സ്പിയർ പറയുന്നു, നല്ലതോ ചീത്തയോ ആയി ഒന്നുമില്ല. നമ്മുടെ തോന്നലുകളാണ് ഒരു കാര്യത്തെ നല്ലതോ ചീത്തയോ ആക്കുന്നത്. നമ്മുടെ ഉള്ളിൽ നമ്മയുടെ പ്രകാശമുണ്ടാകുവാൻ ദൈവവുമായുള്ള സംഭാഷണത്തിനു ഇടം കണ്ടെത്താം. തിരക്കുകൾക്കുള്ളിൽ ഉചിതമായ ജീവിത ദൗത്യം കണ്ടെത്തുവാനും ശരിയായ തീരുമാനത്തിൽ എത്തുവാനും കഴിയണമെങ്കിൽ ഏകാന്തതയിൽ ദൈവവുമായി സംഭാഷണം നടത്തുവാൻ നമ്മുക്ക് അവസരം ഉണ്ടാകണം. അതായിരിക്കും നമ്മുടെ ജീവിതത്തിന്റെ കരുത്ത്.

ജോലിതെരക്കും കുടുംബത്തെക്കുറിച്ചുള്ള വ്യഗ്രതയുമല്ലാം നമ്മെ പല വിധത്തിൽ ഉത്കണ്ഠാകുലരാക്കുമ്പോൾ ദൈവവുമായുള്ള അനുദിന ബന്ധം നമ്മുക്ക് കൂടുതൽ ശക്തി പകരും.

ഫാ. സുബിൻ കിടങ്ങേൻ